**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973** **20-01-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്ന നടപടി ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | പൊതുജന സഹകരണത്തോടെ സമൂഹത്തിലാകമാനം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് മെച്ചപ്പെട്ട പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിൽ ഊന്നി വിഭാവനം ചെയ്ത് ജനമൈത്രി പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗിന്റെ ഭാഗമായിട്ടുള്ള ജനമൈത്രി സുരക്ഷാ സംവിധാനത്തിന്റെ കീഴിൽ ജനമൈത്രി M ബീറ്റ് പദ്ധതി, പ്രശാന്തി, ട്രൈബൽ ജനമൈത്രി, ലഹരി വിരുദ്ധ കാവൽ കൂട്ടം, കവചം, വനിത സ്വയം പ്രതിരോധ പരിശീലന പരിപാടി, മൈഗ്രന്റ് ജനമൈത്രി, ഇ-വിദ്യാരംഭം എന്നിവയും സംസ്ഥാനത്താകമാനം നടപ്പിലാക്കി വരുന്നു. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുക, ഭാവിയിലെ ഉത്തരവാദിത്തമുള്ള പൗരൻമാരെ സൃഷ്ടിക്കുക, ആദിവാസി ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുക, സ്ത്രീ സുരക്ഷ, മുതിർന്ന പൗരൻമാരുടെ ക്ഷേമം, ഗതാഗത അവബോധം മെച്ചപ്പെടുത്തൽ, പൊതുജന പിന്തുണയോടെ ഗ്രാമീണ മേഖലകളിൽ ഡിജിറ്റൽ നിരീക്ഷണം വ്യാപിപ്പിക്കുക, ഇരകളുടെ പുനരധിവാസം, മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരായ അവബോധം, പാർപ്പിടം, വാണിജ്യ മേഖലകളുടെ സുരക്ഷ, കാണാതായ കുട്ടികളെ തിരിച്ചറിയൽ, ടൂറിസ്റ്റ് സുരക്ഷ, റെയിൽവേ സുരക്ഷ, ദേശീയ പാത സുരക്ഷ, പരിസ്ഥിതി സംരക്ഷണം, പൊതുജനങ്ങളുടെ സുരക്ഷ എന്നിവയാണ് കമ്മ്യൂണിറ്റി പോലീസിംഗിന്റെ പ്രധാന പ്രവർത്തന മേഖലകൾ. ജനമൈത്രി സുരക്ഷാ പദ്ധതി ഏറ്റവും പ്രാധാന്യം കൊടുക്കുന്ന വിഷയങ്ങളിലൊന്നാണ് സ്ത്രീ സുരക്ഷ. സ്ത്രീ സുരക്ഷ ലക്ഷ്യമിട്ട് സ്ത്രീകൾക്കായി സ്വയം പ്രതിരോധ |

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടി നടത്തി വരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള സൈബർ അതിക്രമങ്ങൾ പ്രതിരോധിക്കാൻ വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം റസിഡൻസ് അസോസിയേഷനുകളുടെ പിന്തുണയോടെ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ